## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്
## തിരുവനന്തപുരം – 14

വിഷയം :– ഇ. എ. സ. വകുപ്പ് – ജീവനക്കാര്യം – ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ നിയമനം നൽകുന്നത് – മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി വി.വി.ജെസിക്ക് ക്ലാർക്കായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:– 1. സർക്കാർ ഉത്തരവ് (പി) നം.1/2014/ഉ.ഭ.പ.വ ഉത്തരവ് തിയതി: 03.01.2014
2. സർക്കാർ ഉത്തരവ് (പി) 21/2014/ഉ.ഭ.പ.വ ഉത്തരവ് തിയതി: 14.07.2014
3. ഇ.എ.സ.വകുപ്പ് ഡയറക്ടറുടെ 07.10.17-ലെ $ഇ_5$-3384/15/ഡി.ഐ.എം.എസ്. നമ്പർ ഉത്തരവ്

### ഉത്തരവ് നമ്പർ – $ഇ_2$-15377/2014/ഡി.ഐ.എം.എസ്. 1 തിയതി: 03.01.2018

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ത്തിലേയ്ക്ക് അതാത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും, യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) ഉത്തരവിലെ നിബന്ധനകൾ പ്രകാരം വകുപ്പിലെ മേഖലാതലത്തിലുള്ള എൽ.ഡി.ക്ലാർക്ക് തസ്തികയിലെ കേഡർ സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ ദക്ഷിണ/മദ്ധ്യ/ഉത്തര മേഖലകളിലെ താഴ്ന്നവിഭാഗം ജീവനക്കാരുടെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ മദ്ധ്യ മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ അധികാരപരിധിയിൻ കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 10 ആയ, മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി വി.വി.ജെസി ആണ് ക്ലർക്ക് തസ്തികയിലേക്ക് നിലവിൽ തസ്തികമാറ്റത്തിന് സമ്മതം നൽകിയിട്ടുള്ളവരിൽ അർഹയായിട്ടുള്ളത്. ടിയാളുടെ സേവന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(മറുപുറം)

| പേര്, തസ്തിക | ജനന തിയതി | സർവ്വീസിൽ പ്രവേശിച്ച തിയതി | സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| ശ്രീമതി വി.വി.ജെസി നഴ്സിംഗ് അസിസ്റ്റന്റ്, ഇ.എസ്.ഐ. ആശുപത്രി, ഉളങ്കുന്നത്തുകാവ് | 23.12.1964 | 08.11.1999 | 10 | എസ്.എസ്.എൽ.സി. |

മേൽ സാഹചര്യത്തിൽ ഉളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ്, ശ്രീമതി വി.വി.ജെസിക്ക് തസ്തികമാറ്റംവഴി 19000-43600 രൂപ ശമ്പളസ്കെയിലിൽ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി എറണാകുളം നം.1 ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടിയാൾ നിയമപ്രകാരമുള്ള പ്രൊബേഷനിലായിരിക്കുന്നതാണ്.

ടിയാൾ വിടുതൽ ചെയ്ത തിയതിയും ജോലിയിൽ പ്രവേശിച്ച തിയതിയും യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. അജിത നായർ ആർ.
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീമതി വി.വി.ജെസി
നഴ്സിംഗ് അസിസ്റ്റന്റ്,
ഇ.എസ്.ഐ. ആശുപത്രി, ഉളങ്കുന്നത്തുകാവ് (നിയന്ത്രണാധികാരി മുഖാന്തിരം)

പകർപ്പ് -
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഐ.എം.എസ് , മധ്യ മേഖല, എറണാകുളം
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ആശുപത്രി, ഉളങ്കുന്നത്തുകാവ്
3. ജോയിന്റ് ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ/ഡയറക്ടറുടെ സി.എ.
4. ഡെപ്യൂട്ടി ഡയറക്ടർ, ഹോമിയോ/ആയുർവേദ
5. ഇ5 സെക്ഷൻ
6. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്